ജില്ലയിൽ 552-ഓളം "അക്ഷയ" കേന്ദ്രങ്ങൾ സ്ഥാപിച്ച് പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു. ഐ. ടി. വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. ക്രമേണ മറ്റ് ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഇൻഫർമേഷൻ ടെക്നോളജിയിൽ കെൽട്രോണിൽ നൽകുന്ന പരിശീലനം

44 [5600] ശ്രീ. എൻ. ശക്തൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജിയിൽ എന്തെല്ലാം വിധത്തിലുള്ള പരിശീലനത്തിലാണ് കെൽട്രോൺ ഏർപ്പെട്ടിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഐ. ടി. പരിശീലനം നൽകുവാൻ കെൽട്രോണിന് പരിപാടിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കെൽട്രോണിന്റെ ഐ. ടി. ട്രെയിനിംഗ് പ്രോഗ്രാം വിദേശങ്ങളിൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. ടി. മേഖലയിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ ഇവയിലുള്ള ഹ്രസ്വ ദീർഘകാല പരിശീലനമാണ് കെൽട്രോൺ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. താൽപ്പര്യമുള്ള കോളേജുകളിൽ മാനേജുമെന്റുമായി സഹകരിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് കുട്ടികൾക്ക് സാധാരണ പഠനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനം നൽകുകയാണ് ചെയ്യുക.

(സി) ഉണ്ട്.

(ഡി) പ്രധാനമായും ഗൾഫ് രാജ്യങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് പരാതി

45 [5601] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അംഗീകരിച്ച ചുമട്ട് തൊഴിലാളി നിയമം സമ്പൂർണ്ണമായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly